# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 14.11.2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ 196 സീറ്റിൽ വിജയമുറപ്പിച്ച് തുടർഭരണം നിലനിർത്തി എൻ.ഡി.എ. ബിജെപി ഏറ്റവും വലിയ ഒറ്റകക്ഷി. മഹാസഖ്യം 41 സീറ്റുകളിൽ ലീഡ് ചെയ്യുന്നു.

   The counting of votes is underway in Bihar. The NDA is leading in over 196 seats. BJP emerges as single largest party. Mahagathbandhan is leading in 41 seats.

2. കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിന് വിജ്ഞാപനമായി. നാമനിർദ്ദേശ പത്രികകൾ ഇന്ന് മുതൽ സമർപ്പിക്കാം.

   State Election Commission issued notification for the local body elections in Kerala. Nomination papers can be submitted from today.

3. തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഒന്നേമുക്കാൽ കോടിയിലധികം വോട്ടർമാർക്ക് എന്യൂമെറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

   As part of the SIR, over 1.75 crore voters in Kerala have received enumeration forms, says Chief Electoral Officer Rathan U Kelkar.

4. വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസുമായി ന്യൂയോർക്കിൽ കൂടിക്കാഴ്ച നടത്തി.

   External Affairs Minister Dr S Jaishankar today met United Nations Secretary-General António Guterres in New York.

5. ഇന്ത്യ-ദക്ഷിണാഫ്രിക്ക ടെസ്റ്റ് പരമ്പരയ്ക്ക് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ തുടക്കം.

India–South Africa Test series begins today at Eden Gardens in Kolkata.

***********************

## BIHAR ELECTION

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ 195 സീറ്റുകളിൽ വിജയമുറപ്പിച്ച് ഭരണത്തുടർച്ച നിലനിർത്തി എൻ.ഡി.എ. ബിജെപി 89 സീറ്റിലും, ജെഡിയു 79 സീറ്റിലും, എൽജെപി 21 ഇടത്തും ലീഡ് ചെയ്യുന്നു. 243 അംഗ നിയമസഭയിലെ ഏറ്റവും വലിയ ഒറ്റകക്ഷിയായി ബിജെപി മാറിയിരിക്കുകയാണ്. ആർ.ജെ.ഡിയുടെ നേതൃത്വത്തിലുള്ള മഹാസഖ്യത്തിന് 42 സീറ്റുകളിൽ മാത്രമാണ് മുന്നേറാൻ സാധിച്ചത്. RJD 32 സീറ്റിലും, കോൺഗ്രസ് 4 സീറ്റിലുമാണ് ലീഡ് ചെയ്യുന്നത്. ബിഹാർ ഉപമുഖ്യമന്ത്രിമാരും ബിജെപി സ്ഥാനാർത്ഥികളുമായ വിജയ് കുമാർ സിൻഹയും സാമ്രാട്ട് ചൗധരിയും ലീഡ് ചെയ്യുകയാണ്. രഘോപൂരിൽ ആർജെഡിയുടെ തേജസ്വി പ്രസാദ് യാദവ് പിന്നിലാണ്. അലിനഗർ സീറ്റിൽ ബിജെപിയുടെ മൈഥിലി താക്കൂർ മുന്നിലാണ്. സിവാനിൽ മുതിർന്ന ബിജെപി നേതാവ് മംഗൾ പാണ്ഡെ മുന്നലാണ്. ഗയ ടൗണിൽ മുതിർന്ന ബിജെപി നേതാവ് പ്രേം കുമാർ ലീഡ് ചെയ്യുന്നു.

***********************

## BIHAR 2

നിതീഷ് കുമാർ സർക്കാർ സ്ത്രീകൾക്കായടക്കം നടപ്പാക്കിയ ജനപ്രിയ പദ്ധതികൾ എൻ.ഡി.എ യുടെ മുന്നേറ്റത്തിൽ നിർണായകമായെന്നാണ് വിലയിരുത്തലുകൾ. എൻഡിഎ സഖ്യത്തിലെ ഏറ്റവും വലിയ ഒറ്റക്കക്ഷിയാകാൻ സാധിച്ചത് ബിജെപിയ്ക്ക് വലിയ നേട്ടമാണുണ്ടാക്കുക. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ആർ.ജെ.ഡി ആയിരുന്നു ഏറ്റവും വലിയ ഒറ്റക്കക്ഷി. എന്നാൽ ബീഹാർ രാഷ്ട്രീയത്തിലെ യുവമുഖമായി

വിശേഷിപ്പിക്കപ്പെട്ട ആർജെഡി നേതാവ് തേജസ്വി യാദവിന്റെ പ്രതിഛായ വോട്ടാക്കി മാറ്റുന്നതിൽ മഹാസഖ്യം ഇക്കുറി പരാജയപ്പെട്ടു. 4 സീറ്റിലേക്ക് ഒതുങ്ങേണ്ടി വന്ന കോൺഗ്രസിന് കനത്ത തിരിച്ചടിയാണ് ഇക്കുറി ഏറ്റുവാങ്ങേണ്ടി വന്നിരിക്കുന്നത്. പ്രശാന്ത് കിഷോറിന്റെ ജൻ സുരാജ് പാർട്ടിക്ക് ഒരു സീറ്റിലും കാര്യമായ ചലനം സൃഷ്ടിക്കാനായില്ല. ബിഹാറിൽ ഈ മാസം 6 നും 11 നും രണ്ട് ഘട്ടങ്ങളിലായാണ് വോട്ടെടുപ്പ് നടന്നത്. 2,616 സ്ഥാനാർത്ഥികളായിരുന്നു മത്സരരംഗത്തുണ്ടായിരുന്നത്. റെക്കോഡ് പോളിങ്ങാണ് സംസ്ഥാനത്ത് ഇക്കുറി രേഖപ്പെടുത്തിയത്. ഇന്ന് രാവിലെ 8 മണി മുതലാണ് വോട്ടെണ്ണൽ ആരംഭിച്ചത്. വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്നത്.

**********************

## BY-ELECTION VOTE COUNTING

ഏഴ് സംസ്ഥാനങ്ങളിലെ എട്ട് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പുകളുടെയും വോട്ടെണ്ണൽ പുരോഗമിക്കുന്നു. ജമ്മു കശ്മീരിലെ നഗ്രോത മണ്ഡലത്തിൽ ബിജെപിയുടെ ദേവ്യാനി റാണ വിജയം നേടി. ബഡ്ഗാം മണ്ഡലത്തിൽ പിഡിപി സ്ഥാനാർത്ഥി അഗ സൈദ് മുന്താസിർ മെഹ്ദി ലീഡ് ചെയ്യുകയാണ്.. രാജസ്ഥാനിലെ അൻത മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥി പ്രമോദ് ജെയിൻ ആണ് മുന്നിൽ. ജാർഖണ്ഡിലെ ഘാട്ശിലയിൽ JMM നേതാവ് സോമേഷ് ചന്ദ്ര സോറെൻ ലീഡ് ചെയ്യുന്നു. തെലങ്കാനയിലെ ജൂബിലി ഹിൽസിൽ കോൺഗ്രസിൻറെ നവീൻ യാദവും പഞ്ചാബിലെ തരൺ താരൺ മണ്ഡലത്തിൽ ആം ആദ്മി പാർട്ടിയുടെ ഹർമീത് സിങ്ങ് സന്ധുവുമാണ് മുന്നിൽ. മിസോറാമിലെ ഡമ്പയിൽ മിസോ നാഷണൽ ഫ്രണ്ടും, ഒഡീഷയിലെ നുവാപാഡായിൽ ബിജെപിയും ലീഡ് ചെയ്യുന്നു.

**********************

## KERALA LSG POLL (INTRO)

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിന് ഇന്ന് വിജ്ഞാപനമായി. നാമനിർദ്ദേശ പത്രികകൾ ഇന്ന് മുതൽ ഈ മാസം 21 വരെ സമർപ്പിക്കാം. ഡിസംബർ 9,11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും. **വിശദാംശങ്ങളിലേക്ക്........**

(വോയ്സ്)

കേരളത്തിലെ 1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576 വാർഡുകളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിന്റെ വിജ്ഞാപനമാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പുറപ്പെടുവിച്ചത്. സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥി നിർണയം ഏറെക്കുറെ പൂർത്തിയാക്കിക്കഴിഞ്ഞു. പ്രചാരണ യോഗങ്ങളുടെയും, വോട്ടർമാരെ നേരിൽക്കണ്ടുള്ള വോട്ട് അഭ്യർത്ഥനയുടെയും തിരക്കിലാണ് സ്ഥാനാർത്ഥികൾ. നാമനിർദ്ദേശ പത്രിക സമർപ്പണം പൂർത്തിയായ ശേഷം 22 ന് സൂക്ഷ്മപരിശോധന നടക്കും. 24 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള 7 ജില്ലകളിൽ ഡിസംബർ 9 നും, തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ 11 നുമാണ് വോട്ടെടുപ്പ്. സ്ഥാനാർത്ഥി അതേ തദ്ദേശ സ്ഥാപനത്തിലെ ഏതെങ്കിലും വാർഡിലെ വോട്ടറായിരിക്കണം എന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിക്കുന്നു. പത്രിക സമർപ്പിക്കുന്ന തീയതിയിൽ 21 വയസ്സ് പൂർത്തിയായിരിക്കണം. ഒരാൾ ഒരു തദ്ദേശസ്ഥാപനത്തിലെ ഒരു വാർഡിൽ മാത്രമേ മത്സരിക്കാൻ പാടുള്ളൂ. പ്രാദേശിക അവധി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഇന്ന് ഉച്ചക്ക് ശേഷവും പ്രവർത്തി ദിനമായിരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. **ന്യൂസ് ഡസ്ക്, ആകാശവാണി**

***********************

## CHIEF ELECTORAL OFFICER

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി സംസ്ഥാനത്ത് ഇന്നലെ വരെ ഒന്നേമുക്കാൽ കോടിയിലധികം വോട്ടർമാർക്ക് എന്യൂമെറേഷൻ ഫോം വിതരണം ചെയ്യതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഫോം വിതരണത്തിൽ പിന്നോക്കമായ ജില്ലകളിലെ ERO മാരോടും കളക്ടർമാരോടും നേരിട്ട് സംസാരിച്ച് അദ്ദേഹം സ്ഥിതിഗതികൾ വിലയിരുത്തി. പ്രവാസികൾക്കായുള്ള പ്രത്യേക കോൾ സെൻ്റർ സംവിധാനവും പ്രവർത്തിച്ചു തുടങ്ങിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു. പ്രവാസികൾ ഓൺലൈൻ സംവിധാനം ഫലപ്രദമായി വിനിയോഗിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

***********************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.......

(ബ്രേക്ക്)

***********************

## JAISHANKAR ANTONIO

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ന്യൂയോർക്കിൽ ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെ വളർച്ചയ്ക്കും വികസനത്തിനും നൽകുന്ന സുസ്ഥിര പിന്തുണയ്ക്ക് യുഎൻ സെക്രട്ടറി ജനറലിന് നന്ദി അറിയിക്കുന്നതായി കൂടിക്കാഴ്ചയ്ക്ക് ശേഷം ശ്രീ ജയശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. ആഗോള സാഹചര്യത്തെയും ബഹുമുഖ സഹകരണത്തെയും കുറിച്ചുള്ള ഗുട്ടെറസിന്റെ വീക്ഷണങ്ങളെ വിലമതിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

***********************

## JAWAHARLAL NEHRU

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. 1889 നവംബർ 14 ന് അലബഹാദിലാണ് പണ്ഡിറ്റ് നെഹ്റു ജനിച്ചത്. ജവഹർലാൽ നെഹ്റുവിന്റെ സമാധി സ്ഥലമായ ന്യൂഡൽഹിയിലെ ശാന്തി വനത്തിൽ കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, മുതിർന്ന നേതാക്കളായ സോണിയ ഗാന്ധി, കെസി വേണുഗോപാൽ തുടങ്ങിയവർ പുഷ്പാർച്ചന നടത്തി. സംസ്ഥാനത്ത് നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള നെഹ്റു പ്രതിമയിൽ നിയസഭാ സെക്രട്ടറി പുഷ്പാർച്ചന നടത്തി.

**********************

## CHILDRENS DAY

ഓരോ ബാല്യവും വിലപ്പെട്ടതാണെന്നും ജനാധിപത്യ-മതേതരബോധമുള്ള പൗരന്മാരായാണ് കുട്ടികൾ വളരേണ്ടതെന്നും മന്ത്രി വീണ ജോർജ്. സംസ്ഥാന ശിശുക്ഷേമ സമിതി സംഘടിപ്പിച്ച ശിശുദിനാഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. തിരുവനന്തപുരത്ത് നടന്ന വർണ്ണാഭമായ ശിശുദിന റാലിയിൽ കാൽ ലക്ഷത്തോളം കുട്ടികൾ അണിനിരന്നു.

**********************

## IDUKKI – PROJECT (INTRO)

പൂർണ്ണമായും ഷട്ട് ഡൗൺ ചെയ്ത ഇടുക്കി ജലവൈദ്യുത പദ്ധതിയിലെ അറ്റകുറ്റ പണിയുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. 1976ൽ കമ്മീഷൻ ചെയ്തതിന് ശേഷം ആദ്യമായാണ് പവ്വർ ഹൗസിൻ്റെ പ്രവർത്തനം ഒരു മാസത്തേക്ക് നിർത്തി വയ്ക്കുന്നത്. ഡിസംബർ 10 വരെയാണ് വൈദ്യുതി നിലയം അടച്ചിടുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......**

(വോയ്സ്)

**********************

## MUMBAI-CUSTOMS-SEIZE

മുംബൈ ഛത്രപതി ശിവജി വിമാനത്താവളത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ നടത്തിയ പരിശോധനയിൽ 10.5 കോടി രൂപ വില വരുന്ന ഹൈബ്രിഡ് കഞ്ചാവ് കസ്റ്റംസ് പിടികൂടി. 13 ലക്ഷം രൂപ മൂല്യമുള്ള വിദേശ കറൻസിയും പിടിച്ചെടുത്തു. ബാങ്കോക്കിൽ നിന്നുള്ള രണ്ട് യാത്രക്കാരിൽ നിന്നുമാണ് ഇവ പിടികൂടിയത്. 4 കിലോ കഞ്ചാവ് ബാങ്കോക്ക് വിമാനത്തിൻറെ ശുചിമുറിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി.

**********************

## WORLD DIABETES DAY

ഇന്ന് ലോക പ്രമേഹ ദിനം. തെക്കുകിഴക്കൻ ഏഷ്യൻ മേഖലയിൽ പ്രമേഹരോഗ വ്യാപനം ഉയർത്തുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ ആവശ്യമാണെന്ന് ലോകാരോഗ്യ സംഘടന വ്യക്തമാക്കി. മേഖലയിൽ ഇരുനൂറ്റി എഴുപത്തിയൊമ്പത് ദശലക്ഷത്തിലധികം പേർ പ്രമേഹ രോഗബാധിതരാണെന്നാണ് കണക്കുകൾ.

**********************

## IND VS SA TEST

ദക്ഷിണാഫ്രിക്കയ്ക്കെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം കൊൽക്കത്തയിലെ ഏദൻ ഗാർഡൻസ് സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ദക്ഷിണാഫ്രിക്ക ബാറ്റിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ദക്ഷിണാഫ്രിക്ക 5 വിക്കറ്റ് നഷ്ടത്തിൽ 130 റൺസ് എന്ന നിലയിലാണ്. പരമ്പരയിലെ രണ്ടാമത്തെയും അവസാനത്തെയും മത്സരം നവംബർ 22 മുതൽ 26 വരെ ഗുവാഹത്തിയിൽ നടക്കും.

***********************

## IRAN DISMISSED G7S STATEMENT

യുക്രെയ്നുമായുള്ള യുദ്ധത്തിൽ ഇറാൻ റഷ്യയ്ക്ക് സൈനിക പിന്തുണ നൽകിയെന്ന ജി 7-ന്റെ പ്രസ്താവന തള്ളി ഇറാൻ വിദേശകാര്യ മന്ത്രാലയം. ജി7-ന്റെ വാദം അടിസ്ഥാനരഹിതവും നിരുത്തരവാദപരവുമാണെന്ന് മന്ത്രാലയ വക്താവ് എസ്മയിൽ ബഗായ് വിമർശിച്ചു. ഇറാന്റെ ആണവ കേന്ദ്രങ്ങൾക്ക് നേരെയുള്ള ഇസ്രായേലി-യുഎസ് ആക്രമണങ്ങൾ അവഗണിച്ച ജി 7-ന്റെ നടപടി അപലപനീയമാണെന്നും ബഗായ് കുറ്റപ്പെടുത്തി.

***********************

## INDIA & SAUDI ARABIA

സൗദി അറേബ്യയുടെ വ്യവസായ, ധാതു വിഭവ ഉപമന്ത്രി ഖലീൽ ഇബ്നു സലാമയുടെ നേതൃത്വത്തിലുള്ള ഉന്നതതല പ്രതിനിധി സംഘം ന്യൂഡൽഹിയിൽ ടെക്സ്റ്റൈൽ സെക്രട്ടറിയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും സൗദിയും തമ്മിലുള്ള വസ്ത്ര വ്യാപാരം വർധിപ്പിക്കുന്നത് സംബന്ധിച്ച ചർച്ചകൾ കൂടിക്കാഴ്ചയിൽ നടന്നു.

********************************************************************